"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വഴിയോരകച്ചവട നിയമം, 2014-സംസ്ഥാനതല ഉപദേശക/വിലയിരുത്തൽ സമിതി പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1091/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/06/2020

പരാമർശം:- 1 15.09.2015-ലെ സ.ഉ(സാധാ)നം 2818/2015/തസ്വഭവ നമ്പർ ഉത്തരവ്

2 12.03.2018-ലെ സ.ഉ(അച്ചടി) 15/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3 13.02.2019-ലെ സ.ഉ (അച്ചടി) 10/2019/ത.സ്വ..ഭ.വ നമ്പർ ഉത്തരവ്

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.12.18-ലെ 4596/ എഫ്.2/ 2012/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രനിയമമായ Street Vendors(Protection of Livelihood & Regulation of Street Vending) Act, 2014 നിലവിൽ വന്നതിനെ തുടർന്ന് പരാമർശം(2) പ്രകാരം കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം, 2018 ഉം , പരാമർശം(3) പ്രകാരം കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും ലൈസൻസിംഗം ) സ്കീം, 2019 ഉം വിജ്ഞാപനം ചെയ്തു. ദേശീയ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും തെരുവുകച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനുമായി വിവിധ സമിതികൾ രൂപീകരിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) പ്രകാരം രൂപീകരിച്ച സംസ്ഥാനതല ഉപദേശക/ വിലയിരുത്തൽ സമിതി പുനഃസംഘടിപ്പിക്കുന്നതിനായി പല മേഖലകളിൽ നിന്നും പ്രത്യേകിച്ച് തൊഴിലാളി സംഘടനകളിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ടെന്നും കൂടാതെ കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം രൂപീകരിച്ചതിനാൽ നഗര തെരുവ് കച്ചവട സമിതികൾ ഇലക്ഷനിലൂടെ പുനഃസംഘടിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനതല ഉപദേശക / വിലയിരുത്തൽ സമിതി ചേർന്ന് തീരുമാനങ്ങൾ എടുക്കേണ്ടതുണ്ടെന്നും, സമാനമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ടെന്നും, ആയതിനാൽ സംസ്ഥാനതല ഉപദേശക/ വിലയിരുത്തൽ സമിതി പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ഉപദേശക/ വിലയിരുത്തൽ സമിതി താഴെ പറയും പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി - അധ്യക്ഷൻ

**അംഗങ്ങൾ**

പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
ചീഫ് ടൗൺ പ്ലാനർ
ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ (മേയർ, കോഴിക്കോട് കോർപറേഷൻ)
ശ്രീ. ചെറ്റച്ചൽ സഹദേവൻ (ചെയർമാൻ,നെടുമങ്ങാട് നഗരസഭ)
ശ്രീ. ആർ.വി.ഇക്ബാൽ ( റായം മരയ്ക്കാർ ഹൗസ്, പുത്തൻപള്ളി പി.ഒ , ഗുരുവായൂർ 680103 )
ശ്രീ. യു. പോക്കർ, ജാസ്മിൻ വില്ല, നല്ലളം പി.ഒ, കോഴിക്കോട്-27
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ - (കൺവീനർ, നോഡൽ ഓഫീസർ )

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ നഗരസഭാ ചെയർപേഴ്സൺമാർക്കും
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി(വെബ് & ന്യൂമീഡിയ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.06.10 18:09:41 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)യുടെ പി.എയ്ക്ക്